"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**പൊതുവിദ്യാഭ്യാസം- ഒറ്റപ്പാലം ബി .ഇ . എം . യു . പി . എസിലെ റിട്ടയേർഡ് ഉറുദു അദ്ധ്യാപിക ശ്രീമതി ലൂസി മീരഭായ് എം. വി. ബഹു കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നം .1181/2021 നമ്പർ കേസ്സിലെ 15.01.2021- ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1317/2023/GEDN തീയതി,തിരുവനന്തപുരം, 15-02-2023

---

പരാമർശം -

1 27.11.2019 ലെ G O(P) No.165/2019/Fin

2 ശ്രീമതി ലൂസി മീരഭായ് എം . വി ബഹു കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നം .1181/2021 നമ്പർ കേസ്സിലെ 15.01.2021- ലെ വിധിന്യായം

3 13/07/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആർ.എ(1)/228488/21/ഡി.ജി.ഇ നമ്പർ റിപ്പോർട്ട്.

4. 18/02/2021 ലെ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഡി/306/2021 -ാം നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

ഒറ്റപ്പാലം ബി.ഇ.എം.യു.പി.എസിലെ റിട്ടയേർഡ് ഉറുദു അദ്ധ്യാപിക ശ്രീമതി ലൂസി മീരഭായ് എം.വി ബഹു കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.1181/2022 നമ്പർ റിട്ട് ഹർജിയിലെ 15.1.2021 ലെ വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിന് മുമ്പാകെ സമർപ്പിച്ച Ext.P11 റിവിഷൻ ഹർജിയിൽ മേൽ ഹർജിക്കാരിക്കും മാനേജർക്കും ബോധിപ്പിക്കാനുള്ള കാര്യങ്ങൾ നേരിൽ കേട്ടതിന് ശേഷം 3 മാസത്തിനുള്ളിൽ അനുയോജ്യമായ ഉത്തരവിടണമെന്ന് കോടതി സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. അതിൻ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി 25.02.2021ന് ഹിയറിംഗ് നടത്തുകയുണ്ടായി. പ്രസ്തുത ഹിയറിംഗിൽ ഹർജിക്കാരന്റെ പ്രതിനിധി, ഒറ്റപ്പാലം എ.ഇ.ഒ ,പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെയും പാലക്കാട് ഉപവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെയും പ്രതിനിധികളും പങ്കെടുത്തു. ഹിയറിംഗിൽ പങ്കെടുക്കാൻ അസൗകര്യം അറിയിച്ച് സ്കൂൾ മാനേജർ ഇ-മെയിൽ സന്ദേശം അയക്കുകയും തന്റെ ഭാഗം വിശദീകരിച്ചുകൊണ്ട് പത്രിക നൽകാമെന്ന് അറിയിക്കുകയും ചെയ്തു.

2. റിവിഷൻ ഹർജിക്കാരി ശ്രീമതി ലൂസി മീരാഭായ് എം.വിയുടെ ആദ്യ നിയമനം 24.8.1984 മുതൽ 29.3.1985 വരെയാണ്. ടിയാരിയുടെ തുടർച്ചയായ സർവ്വീസ് ആരംഭിക്കുന്നത് 24.6.1985 മുതൽ പാർട്ട്ടൈം ജൂനിയർ ഉറുദു തസ്തികയിലാണ്. തുടർന്ന് 15.10.1986 മുതൽ 14.7.1989 വരെ ഫുൾടൈം ജൂനിയർ ഉറുദു തസ്തികയിൽ ടിയാരി ജോലിചെയ്തു. 15.7.1989 മുതൽ വീണ്ടും പാർട്ട്ടൈം ഉറുദു തസ്തികയിലാണ് ടിയാരി ജോലിചെയ്തത്. 2.5.1973-ലെ സ.ഉ (കൈയ്യെഴുത്ത്) 62/73/പൊഭവ പ്രകാരം 10.7.1992 പ്രാബല്യത്തിൽ ടിയാരിക്ക് കോഴിക്കോട്

ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ഫുൾടൈം ബെനിഫിറ്റ് നൽകി. ഇപ്രകാരം റിവിഷൻ ഹർജിക്കാരി സർവ്വീസിൽ തുടർന്നു വരവെ 2008-2009 വർഷത്തിൽ കോഴിക്കോട് സൂപ്പർ ചെക്ക് സെൽ ബി.ഇ.എം.യു.പി സ്കൂളിൽ നടത്തിയ പരിശോധനയിൽ 52 കുട്ടികളുടെ എണ്ണം ബോഗസ് അഡ്മിഷനാണെന്ന കണ്ടെത്തലിനെ തുടർന്ന് 2008-2009-ലെ സ്റ്റാഫ് ഫിക്സേഷൻ പുനർ നിർണ്ണയം നടത്താനും ഉറുദു അദ്ധ്യാപക തസ്തിക അനുവദിക്കാതിരിക്കാനും 5/06/2009 -ലെ SC/99/08/08-09/KKD പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നൽകി. അതിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പാലം എ.ഇ.ഒ തസ്തിക പുനർനിർണ്ണയം നടത്തുകയും ശ്രീമതി.ലൂസി മീരാഭായ് എം.വിയെ ഫുൾ ടൈം തസ്തികയിലുള്ള കോർപ്പറേറ്റ് മാനേജ്മെന്റിന്റെ മറ്റേതെങ്കിലും സ്കൂളിലേക്ക് സ്ഥലം മാറ്റണമെന്ന് മാനേജർക്ക് നിർദ്ദേശം നൽകി. എന്നാൽ പ്രസ്തുത നിർദ്ദേശം പരിഗണിക്കാതെ മാനേജർ ടിയാരിയെയും തൃക്കടീരി ബി.ഇ.എം.യു,പി സ്കൂളിൽ ജോലി ചെയ്തിരുന്ന ഉർദു അദ്ധ്യാപകൻ ശ്രീ.എം.ടി.അബ്ദുസലാമിനെയും പരസ്പരം സ്ഥലം മാറ്റി. ഇതിനെതിരെ ശ്രീ.എം.ടി.അബ്ദുസലാം ബഹു ഹൈക്കോടതിയിൽ ഹർജി നൽകി സ്റ്റേ സമ്പാദിക്കുകയും ചെയ്തു. പക്ഷേ ശ്രീമതി.ലൂസി മീരാഭായി എം.പി ഒറ്റപ്പാലം ബി.ഇ.എം.യു.പിസ്കൂളിൽ നിന്ന് 01.06.2009-ലെ വിടുതൽ ചെയ്ത അന്നേ ദിവസം തന്നെ തൃക്കടീരി ബി.ഇ.എം.യു.പി സ്കൂളിൽ ജോലിയിൽ പ്രവേശിച്ചു. 04.08.2010 വരെ പ്രസ്തുത സ്കൂളിൽ തുടർന്ന ടിയാരിക്ക് ഒരേ തസ്തികയിൽ രണ്ട് ടീച്ചർമാർ ജോലിചെയ്ത കാരണത്താൽ ശമ്പളം ലഭിച്ചിട്ടില്ല. 30.7.2010-ലെ മാനേജരുടെ ഉത്തരവ് പ്രകാരം തൃക്കടീരി ബി.ഇ.എം.യു.പി സ്കൂളിൽ നിന്ന് ഒറ്റപ്പാലം സ്കൂളിലേക്ക് സ്ഥലം മാറ്റം ലഭിച്ചതിനെ തുടർന്ന് ഹർജിക്കാരിക്ക് ശമ്പളം ലഭിച്ചു. 31.03.2011-ൽ ടിയാരി സേവനത്തിൽ നിന്ന് വിരമിച്ചു.

3. ഹർജിക്കാരിയുടേതല്ലാത്ത കാരണത്താൽ 15.07.2008 മുതൽ 04.08.2010 വരെയുള്ള കാലയളവിലെ ശമ്പളം ലഭിക്കാത്ത സാഹചര്യത്തിൽ ഹർജിക്കാരിക്ക് പ്രസ്തുത കാലം പെൻഷനും പെൻഷൻ ആനുകൂല്യങ്ങൾക്കും പരിഗണിക്കാതെ വരികയും തന്മൂലം 7,20,716/- രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായെന്നും എക്സിബിറ്റ് പി11 റിവിഷൻ ഹർജിയിൽ ശ്രീമതി ലൂസി മീരാഭായി എം.വി ആരോപിച്ചിട്ടുണ്ട്. തനിക്ക് ശമ്പളവും ഫുൾടൈം ബെനിഫിറ്റ് ആനുകൂല്യവും നിഷേധിച്ചത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണെന്നും ആയതിനാൽ 12% പിഴ പലിശ സഹിതം സാമ്പത്തിക നഷ്ടം പരിഹരിക്കണമെന്നും ടിയാരി എക്സിബിറ്റ് പി 11 റിവിഷൻ ഹർജിയിൽ ആവശ്യപ്പെടുന്നു. ഹിയറിംഗ് വേളയിൽ ഹർജിക്കാരിയുടെ വിശദീകരണത്തിലും ഹർജിക്കാരിയുടെ പ്രതിനിധി എക്സിബിറ്റ് 'പി11' റിവിഷൻ ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന വാദഗതികൾ ആവർത്തിക്കുകയാണ് ചെയ്തത്. 24.7.2000-ലെ സ.ഉ.(എം.എസ്) 240/2000/പൊ.വി.വ പ്രകാരം ഹർജിക്കാരിക്ക് സംരക്ഷണത്തിന് അർഹതയുള്ളതിനാൽ 15.7.2008 മുതൽ 4.8.2010 വരെയുള്ള ഫുൾ ടൈം ശമ്പള കുടിശ്ശിക, ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ നഷ്ടം, ഗ്രാറ്റുവിറ്റി നഷ്ടം, കമ്മ്യൂട്ടേഷൻ നഷ്ടം എന്നീ ഇനങ്ങളിൽ 7,20,716 രൂപയും തുകയ്ക്ക് സീനിയർ സിറ്റിസൺന് അനുവദിക്കാവുന്ന 8% പലിശ കണക്കാക്കി 6,76,573/- രൂപയും അനുവദിക്കണമെന്ന് ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുണ്ട്.

4. 10.7.1992 മുതൽ തുടർച്ചയായി സർവ്വീസുള്ള ഉറുദു അദ്ധ്യാപിക ശ്രീമതി.ലൂസി മീരാഭായി എം.വി സി.എസ്.ഐ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള ഒറ്റപ്പാലം ബി.ഇ.എം.യു.പി എസ് ൽ 04.06.2004 മുതൽ ജോലി ചെയ്തിരുന്നു. ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഡി/2586/2008/ഉത്തരവ് പ്രകാരം 2008-2009-ലെ സ്റ്റാഫ് ഫിക്സേഷനിൽ ഒരു പാർട്ട് ടൈം ഉറുദു തസ്തിക ഒറ്റപ്പാലം ബി.ഇ.എം.യു.പി സ്കൂളിൽ അനുവദിച്ചു. 2008-2009 വർഷത്തിൽ കോഴിക്കോട്

സൂപ്പർ ചെക്ക് സെൽ ഒറ്റപ്പാലം ബി.ഇ.എം.യു.പി സ്കൂളിൽ നടത്തിയ പരിശോധനയിൽ 52 കുട്ടികളുടെ എണ്ണം ബോഗസ് അഡ്മിഷനാണെന്ന കാരണത്താൽ 2008-2009-ലെ തസ്തിക നിർണ്ണയം പുനർനിർണ്ണയം നടത്താനും, ഉറ്റദ്ധ അദ്ധ്യാപക തസ്തിക അനുവദിക്കാതിരിക്കാനും 05.06.2004-ലെ എസ്.സി/99/2008-09/കെ.കെ.ഡി കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവിട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ 22.06.2009 -ലെ ഡി /2829/2009 പ്രകാരം തസ്തിക പുനർനിർണ്ണയം നടത്തി ഒറ്റപ്പാലം ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ ഉത്തരവാകുകയും ചെയ്തു. ഒറ്റപ്പാലം ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ 17.07.2008 -ലെ ഡി1/2586/08 സ്റ്റാഫ് ഫിക്സേഷൻ പ്രകാരം ശ്രീമതി. ലൂസി മീരാഭായ് എം.പി.യെ ഫുൾ ടൈം തസ്തികയുള്ള കോർപ്പറേറ്റ് മാനേജ്മെന്റിന്റെ മറ്റേതെങ്കിലും സ്കൂളിലേക്ക് നിർദ്ദേശം നൽകി. എന്നാൽ ടി നിർദ്ദേശം പാലിക്കാതെ മാനേജർ 28/05/2009 ലെ സി.എം/ ഡി.എസ്/09-10/പി.ടി 7 ഉത്തരവ് പ്രകാരം ടിയാരിയെയും തൃക്കടീരി ബി.ഇ.എം.യു.പി സ്കൂളിൽ ജോലി ചെയ്തിരുന്ന ഉറ്റദ്ധ അദ്ധ്യാപകൻ ശ്രീ.എം.ടി.അബ്ദുൽ സലാമിനെയും പരസ്പരം സ്ഥലം മാറ്റി. ഇതിനെതിരെ അബ്ദുസലാം കേരള ഹൈക്കോടതിയിൽ ഹർജി നൽകുകയും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ ടിയാനെ തൃക്കടീരി ബി.ഇ.എം.യു.പി.എസ് -ൽ തന്നെ നിലനിർത്തുവാൻ കോടതി ഉത്തരവാകുകയും ചെയ്തു.(WP (1) No.1518/09 (P) 17.08.2009)

5. ശ്രീമതി.ലൂസി മീരാഭായ് എം.വി. ഒറ്റപ്പാലം ബി.ഇ.എം.യു.പി.സ്കൂളിൽ നിന്ന് 01.06.2009ന് വിടുതൽ ചെയ്ത അന്നേ ദിവസം തന്നെ തൃക്കടീരി ബി.ഇ.എം.യു.പി സ്കൂളിൽ ജോലിയിൽ പ്രവേശിച്ചു ആയതിനാൽ തൃക്കടീരി ബി.ഇ.എം.യു.പി സ്കൂളിൽ രണ്ട് ഉറ്റദ്ധ ടീച്ചർമാർക്ക് ജോലി ചെയ്യേണ്ട അവസ്ഥ വന്നു. 15.07.2008 മുതൽ 31.05.2009 വരെ ടിയാരി നിലവിലുണ്ടായിരുന്ന സ്കൂളിൽ ഉറ്റദ്ധ തസ്തിക പാർട്ട് ടൈം ആയതിനാലും 01.06.2009 മുതൽ 04.08.2010 വരെ ടിയാരി ജോലി ചെയ്ത തൃക്കടീരി ബി.ഇ.എം.യു.പി സ്കൂളിൽ ഒരേ തസ്തികയിൽ രണ്ട് ടീച്ചർമാർ നിലനിന്നിരുന്നതിനാലുമാണ് ടിയാരിക്ക് ശമ്പളം അനുവദിക്കാൻ കഴിയാതെ വന്നത്. തുടർന്ന് മാനേജരുടെ 30.7.2010-ലെ ഉത്തരവ് പ്രകാരം ശ്രീമതി.ലൂസി മീരാഭായ് എം.വിയെ ഒറ്റപ്പാലം ബി.എം.യു.പി സ്കൂളിലേക്ക് സ്ഥലം മാറ്റുകയും പ്രസ്തുത സ്കൂളിൽ 05.08.2010ന് ടിയാരി ജോലിയിൽ പ്രവേശിക്കുകയും 31.03.2011ന് വിരമിക്കുകയും ചെയ്തു. 2010-11 വർഷത്തിൽ സ്റ്റാഫ് ഫിക്സേഷൻ നിർണ്ണായക ഘട്ടത്തിൽ ഒറ്റപ്പാലം ബി.ഇ.എം.യു.പി.സ്കൂളിൽ പാർട്ട് ടൈം ഉറ്റദ്ധ തസ്തിക ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 14.08.2010-ലെ ഉത്തരവ് പ്രകാരം അനുവദിച്ചു. 02/05/1973-ലെ സ.ഉ(കൈയ്യെഴുത്ത്) 62/73/പൊ.ഭ.വ പ്രകാരം 14/07/1997ന് മുമ്പ് സർവ്വീസുള്ള അദ്ധ്യാപികയായതിനാൽ ഫുൾ ടൈം ആനുകൂല്യത്തോടെയാണ് പാർട്ട് ടൈം തസ്തിക അനുവദിച്ചത്. 15.07.2010 മുതലുള്ള ശമ്പളം അനുവദിച്ചിരുന്നു. ഫുൾ ടൈം ബെനിഫിറ്റോടെ 15.07.2008 മുതൽ 04.08.2010 വരെയുള്ള ശമ്പളം അനുവദിക്കണമെന്നപേക്ഷിച്ച് ശ്രീമതി.ലൂസി മീരാഭായി എം.വി ബഹു കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C ) No.24948/09 നമ്പർ കേസ്സിൽ ബഹു കോടതി 12.11.2018-ൽ പുറപ്പെടുവിച്ച വിധിന്യായ പ്രകാരം കേസ് തള്ളിയിട്ടുണ്ട്.

6. ഹർജിക്കാരി സമർപ്പിച്ചിട്ടുള്ള 12.12.2020 -ലെ എക്സിബിറ്റ് പി 11 റിവിഷൻ പെറ്റീഷൻ ടിയാരിയുടെ പ്രതിനിധി ഹിയറിംഗ് വേളയിലും സമർപ്പിച്ച പത്രികയിലും ഉന്നയിച്ച വാദഗതികൾ ബന്ധപ്പെട്ട രേഖകളുടെയും ചട്ടങ്ങളുടെയും വിദ്യാഭ്യാസ ഉദ്യോഗസ്ഥർ സമർപ്പിച്ച റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. 2008-2009 വർഷത്തിൽ കോഴിക്കോട് സൂപ്പർ ചെക്ക് സെൽ ബി.ഇ.എം.യു.പി സ്കൂളിൽ നടത്തിയ പരിശോധനയിൽ 52 കുട്ടികളുടെ

എണ്ണം ബോഗസ് അഡ്മിഷനാണെന്ന് കണ്ടെത്തലിനെ തുടർന്നാണ് ശ്രീമതി.ലൂസി മീരാഭായി എം.വി ക്ക് സ്റ്റാഫ് ഫിക്സേഷൻ പുനർനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക നഷ്ടം വന്നത്. എന്നാൽ സീനിയർ അദ്ധ്യാപികയായ ടിയാരിയെ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള എൽ.ജി ഉറ്റദ്ദ തസ്തികയുള്ള മറ്റേതെങ്കിലും സ്കൂളിലേക്ക് മാറ്റണമെന്ന ഒറ്റപ്പാലം എ.ഇ.ഒ യുടെ നിർദ്ദേശം പാലിക്കാതെ തൃക്കടീരി ബി.ഇ,എം.യു.പി സ്കൂളിലെ ഉറ്റദ്ദ അദ്ധ്യാപകൻ ശ്രീ.എം.ടി.അബ്ദുസലാമിനെ പരസ്പരം മാറ്റിയ മാനേജരുടെ തെറ്റായ നടപടിയാണ് റിവിഷൻ ഹർജിക്കാരിക്ക് 15.7.2008 മുതൽ 04.08.2010 വരെയുള്ള ശമ്പള നഷ്ടത്തിനും തത്ഫലമായ പെൻഷൻ ആനുകൂല്യങ്ങളുടെ നഷ്ടത്തിന് ഇടയാക്കിയ കാരണം. 2008-2009ലെ തസ്തിക പുനർനിർണ്ണയത്തെ തുടർന്ന് എൽ.ജി.ഉറ്റദ്ദ തസ്തികയില്ലാത്ത ബി.ഇ.എം.യു.പി സ്കൂളിലേക്കാണ് ശ്രീ.എം.ടി.അബ്ദുസലാമിനെ സ്ഥലം മാറ്റിയത് എന്നത് സ്കൂൾ മാനേജരുടെ ക്രമവിരുദ്ധമായ നടപടി. ഇത് ഒരേ തസ്തികയിൽ രണ്ട് അദ്ധ്യാപകർ ജോലി ചെയ്യ്ത അവസ്ഥ സംജാതമാകുകയും റിവിഷൻ ഹർജിക്കാരിക്ക് രണ്ട് വർഷത്തെ ശമ്പള നഷ്ടത്തിന് കാരണമാകുകയും ചെയ്തു. ഒരു കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലെ സ്കൂളുകളെ ഒറ്റ യൂണിറ്റായി പരിഗണിക്കുന്ന സാഹചര്യത്തിൽ ടി യൂണിറ്റിലെ ഏറ്റവും ജൂനിയറായ ഉറ്റദ്ദ ടീച്ചറെ വിടുതൽ ചെയ്ത് സീനിയറായ റിവിഷൻ ഹർജിക്കാരിക്ക് നിയമനം നൽകുകയാണ് ചെയ്യേണ്ടിയിരുന്നത്. ഇപ്രകാരം പ്രവർത്തിക്കാത്ത മാനേജർക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കാത്ത വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ ഭാഗത്തും വിഴ്ച ഉള്ളതായി കാണുന്നു. കൂടാതെ ശ്രീമതി.ലൂസി മീരാഭായി എം.വി ബഹു കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C ) 24948/09 നമ്പർ കേസ്സ്12.11.2018-ൽ ബഹു കോടതി തള്ളിയത് ടിയാരിയുടെ ഭാഗത്ത് നിന്ന് കേസ്സ് നടത്തിപ്പിൽ ഉണ്ടായ വിഴ്ച കാരണമാണെന്ന് വിധിന്യായത്തിൽ നിന്നും വ്യക്തമാണ്. ശ്രീമതി.ലൂസി മീരാഭായി എം.വി യ്ക്ക് 15.7.2008 മുതൽ 4.8.2010 വരെയുള്ള കാലയളവിലുള്ള ശമ്പളവും ആനുകൂല്യങ്ങളുമാണ് നഷ്ടപ്പെട്ടിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡ് Vol.I ആർട്ടിക്കിൾ 56 (b) പ്രകാരം ശമ്പളവും അലവൻസുകളും (5 വർഷം) അനുവദിക്കുന്നതിന് വിവിധ കാലയളവുകൾ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവുകൾക്ക് ശേഷമുള്ളവ കാലഹരണപ്പെട്ട അവകാശങ്ങൾ ആയിട്ടാണ് കണക്കാക്കാറുള്ളത്.

7. കെ എസ് ആർ ഭാഗം III ചട്ടം 10 പ്രകാരം "the service of an employee does not qualify for pension unless he is appointed, his duties regulated, and paid by the Government or under conditions determined by the Government." അതായത് റഗുലറൈസ്ഡ് സർവ്വീസ് മാത്രമെ പെൻഷന് പരിഗണിക്കുകയുള്ളൂ. 15/7/2008 മുതൽ 4/08/2010 വരെയുള്ള കാലയളവിൽ ശ്രീമതി ലൂസി മീരാബായ് എം.വി-യെ ഉൾക്കൊള്ളാനുള്ള ഫുൾടൈം ഉറ്റദ്ദ തസ്തിക കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ ഉണ്ടായിരുന്നില്ല എന്നാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ടി കാലയളവിൽ ടിയാരിക്കു ശമ്പളവും നൽകിയിട്ടില്ല ആയതിനാൽ കെ എസ് ആർ ഭാഗം III ചട്ടം 10 പ്രകാരം ടി കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കാനാകില്ല.

8. 27.11.2019 ലെ G O(P) No.165/2019/Fin പ്രകാരം കെഎസ്ആർ ഭാഗം III, ചട്ടം 31 ൽ താഴെ പറയുന്ന ഭേദഗതി വരുത്തുകയുണ്ടായി.

31(a) Interruption in the service of an employee will not count for pension. Provided

that the regular service for pension and the period of such interruption shall be condoned, unless otherwise specified.

9. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംരക്ഷിതാധ്യാപകർ തസ്തികയില്ലാതെ പുറത്തു നിൽക്കുന്ന കാലയളവ് പെൻഷനു കണക്കാക്കുകയില്ല. WA No.1825 of 2010 (filed by AG, Kerala against the judgment in WP(C) 17763/1999 filed by Smt Alizhumma A) ലെ 04/09/2013 ലെ വിധിന്യായത്തിൽ " only the actual period of service would be counted for qualifying service എന്ന് ബഹു ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. കൂടാതെ WA 1235 of 2018 (filed against the judgment dated 14.10.2017 in WP(C)30161/2016 filed by Sri Sabu Mathew & others) ലെ 04.07.2019 ലെ വിധിന്യായത്തിലും, WA 917 of 2019 (filed against the judgement dated 14.10.2017 in WP(C)1867/2018 filed by Smt. Philsy Kumary) ലെ 14/01/2020 ലെ വിധിന്യായത്തിലും only actual period of service excluding the periods of break would be reckoned for qualifying service എന്ന് ബഹു. ഹൈ കോടതി ആവർത്തിക്കുകയുണ്ടായി. ആയതിനാൽ സംരക്ഷിതാധ്യാപകർ തസ്തികയില്ലാതെ പുറത്തു നിൽക്കുന്ന കാലയളവ് പെൻഷനു കണക്കാക്കാനാകില്ല.

10. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരിക്ക് 15.07.2008 മുതൽ 04.08.2010 വരെയുള്ള കാലയളവിലെ ശമ്പളം ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കാലം പെൻഷനും പെൻഷൻ ആനുകൂല്യങ്ങൾക്കും പരിഗണിക്കണമെന്ന എക്സിബിറ്റ് പി 11 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചു കൊണ്ട് ഉത്തരവാകുന്നു.

11. മേൽപ്രകാരം പരാമർശം 2 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട്.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം

ശ്രീമതി ലൂസി മീരാബായി, റിട്ടയേർഡ് ഉറുദു അദ്ധ്യാപിക ബി .ഇ . എം . യു . പി . എസ്,ഒറ്റപ്പാലം

മാനേജർ/ഹെഡ്മാസ്റ്റർ, ബി .ഇ . എം . യു . പി . എസ്, ഒറ്റപ്പാലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Mini.t.r.
Date: 16-02-2023 09:33:55

**Copy to**

**Private Secretary to Hon'ble M(GE &L)**

**PA to Joint Secretary**